(ഇ) തുറമുഖ പദ്ധതിക്കു വൈദ്യുതി ലഭ്യമാക്കുന്നതിലേക്കായി നിലവിലെ 66 കെ.. വി. 220 കെ. വി. ആയി ഉയർത്തുന്ന നടപടി KSEB നടപ്പിലാക്കിവരുന്നു.

(എഫ്) തുറമുഖത്തേക്ക് ശുദ്ധജലം എത്തിക്കുന്നതിലേക്കായി KWA ടെണ്ടർ ക്ഷണിക്കുകയും, മൂന്ന് ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടറുകളുടെ പരിശോധന KWA നടത്തിവരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ആഗോള താല്പര്യ പത്രം

142 (208) ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. .ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ആഗോള താൽപര്യപത്രം (Expression of Interest) എന്നാണ് പ്രസിദ്ധീകരിച്ചത് ;

(ബി) ഈ പദ്ധതിയുടെ വികസന പങ്കാളിത്തത്തിന് ഇതുവരെ ഏതൊക്കെ കമ്പനികളാണ് താൽപര്യം പ്രകടിപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരം വികസന പങ്കാളിത്തം അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടിക്രമങ്ങൾ സ്വീകരിക്കുകയുണ്ടായി ;

(ഡി) ഈ പദ്ധതിയുടെ നടത്തിപ്പിനായി അർഹരായ വികസന പങ്കാളികളെ എന്നത്തേക്ക് തെരഞ്ഞെടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കായുള്ള ആഗോള താൽപര്യ പത്രം (EoI) 5-7-2010-ൽ പ്രസിദ്ധീകരിച്ചു.

(ബി) കമ്പനികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അടുത്ത നടപടിയായ യോഗ്യത നിർണ്ണയത്തിനുള്ള ബിഡ് ക്ഷണിക്കുകയും തുടർ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

(ഡി) തുറമുഖ പദ്ധതിയുടെ ഓപ്പറേറ്ററെ തെരഞ്ഞെടുക്കുന്ന പ്രക്രിയ മാർച്ച് 2011-ൽ പൂർത്തിയാക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി

143 (209) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം മദർ പോർട്ട് നിർമ്മാണം അനിശ്ചിതമായി നീണ്ടു പോകുന്നത് എന്തൊക്കെ കാരണങ്ങളാലാണെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിഴിഞ്ഞം മദർ പോർട്ട് നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ മദർ പോർട്ടിന്റെ ഓരോ ഘട്ടങ്ങളും എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2005-ൽ ആഗോള ദർഘാസ് പ്രകാരം തെരഞ്ഞെടുത്ത കൺസോർഷ്യത്തിന്, 2006-ൽ കേന്ദ്ര സർക്കാർ അനുമതി നിഷേധിച്ച സാഹചര്യത്തിൽ rebid ചെയ്യുവാൻ 2006-ൽ തന്നെ സർവ്വകക്ഷിയോഗം കൂടി തീരുമാനിക്കുകയും 2007 ആഗസ്റ്റിൽ വീണ്ടും പുതിയ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. എന്നാൽ ഇപ്രകാരം ലഭിച്ച ടെണ്ടറിൽ നിന്നും തെരഞ്ഞെടുത്ത കൺസോർഷ്യവുമായി ടെണ്ടറിൽ അയോഗ്യരാക്കപ്പെട്ട കമ്പനി നിയമ യുദ്ധത്തിൽ ഏർപ്പെട്ട സാഹചര്യത്തിൽ, തെരഞ്ഞെടുക്കപ്പെട്ട കൺസോർഷ്യം പിൻമാറുകയും 8/2009-ൽ പ്രസ്തുത ടെണ്ടർ നടപടികൾ റദ്ദ് ചെയ്ത് ഉത്തരവാകുകയും ചെയ്തു. വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിനായി പുതിയൊരു കർമ്മപദ്ധതിക്ക് 2009-ൽ രൂപം നൽകി നടപ്പിലാക്കിവരുന്നു.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിന് 450 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിവരുന്നു. Land Lord രീതിയിൽ തുറമുഖ നിർമ്മാണം തുടങ്ങുവാൻ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ പോർട്ട് ഓപ്പറേറ്ററെ കണ്ടെത്തുന്നതിന് യോഗ്യതാ നിർണ്ണയ നടപടികളും പൂർത്തിയായിവരുന്നു.

(സി) 2014-ൽ ആദ്യഘട്ടം പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുശേഷം രണ്ടാം ഘട്ടം പ്രവർത്തനം തുടങ്ങും.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിന്റെ കണക്റ്റിവിറ്റി റോഡിനായുള്ള സ്ഥലമെടുപ്പ്

144 (210) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിന്റെ കണ്ക്റ്റിവിറ്റി റോഡിനായുള്ള സ്ഥലം ഏറ്റെടുക്കുന്ന പ്രക്രിയ പൂർത്തീകരിച്ചോ ;

(ബി) ആകെ എത്ര വ്യക്തികളിൽ നിന്നും എത്ര ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട് ;

(സി) ആധാരങ്ങളും അനുബന്ധ രേഖകളും ഹാജരാക്കിയ എല്ലാവരിൽ നിന്നും സ്ഥലമേറ്റെടുത്ത് വില നൽകിയിട്ടുണ്ടോ ;

(ഡി) നാളിതുവരെ എത്ര പേർക്കാണ് സ്ഥലത്തിന്റെ വില നൽകിയിട്ടുള്ളത് ;

(ഇ) സ്ഥലം ഏറ്റെടുക്കുന്നതിനും വില നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly